# കേരള സംസ്ഥാന മുന്നാക്ക സമുദായ ക്ഷേമ കോർപ്പറേഷൻ

ഫോൺ: **0471-2311215, 6238170312, e-mail: kswcfcscholarship@gmail.com**

**Website: www.kswcfc.org**


## വിദ്യാസമുന്നതി സ്കോളർഷിപ്പ് (2023-24) – ബിരുദതലം– അപേക്ഷകൾ ഓൺലൈനായി ക്ഷണിക്കുന്നു.

കേരള സംസ്ഥാനത്തെ മുന്നാക്ക സമുദായങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്ക് വിദ്യാസമുന്നതി സ്കോളർഷിപ്പിന് അപേക്ഷിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ:-

- അപേക്ഷകർ കേരള സംസ്ഥാനത്തെ സംവരണേതര വിഭാഗങ്ങളിൽപ്പെടുന്നവരാകണം.
- കേരളത്തിലെ യൂണിവേഴ്സിറ്റികൾ അംഗീകരിച്ച കേരളത്തിലെ സർക്കാർ/ എയ്ഡഡ്/ സ്വാശ്രയ വിദ്യാഭ്യാസ ,റിസർച്ച് ആന്റ് സയന്റിഫിക്ക് സ്ഥാപനങ്ങളിൽ പഠിക്കുന്ന വർക്ക് അപേക്ഷിക്കാവുന്നതാണ്.
- അപേക്ഷകർ www.kswcfc.org എന്ന വെബ്സൈറ്റിൽ **ഒറ്റത്തവണ മാത്രം നിർബന്ധമായും** രജിസ്റ്റർ ചെയ്യേണ്ടതും, രജിസ്റ്റർ ചെയ്ത മൊബൈൽ നമ്പരിലേക്ക് ലഭിക്കുന്ന User Name & Password ഉപയോഗിച്ച് Login ചെയ്ത് Profile create ചെയ്തതിന്ശേഷം സകോളർഷിപ്പിനുള്ള അപേക്ഷ സമർപ്പിക്കേണ്ടതുമാണ്. .
- ഓരോ വർഷവും പ്രത്യേകം അപേക്ഷ സമർപ്പിക്കേണ്ടതാണ്. സ്കോളർഷിപ്പിനായി അപേക്ഷിക്കുന്ന വർഷത്തെ ധനസഹായത്തിന് മുൻ വർഷങ്ങളിൽ നൽകിയ അപേക്ഷ പരിഗണിക്കുന്നതല്ല.
- അപേക്ഷകരുടെ കുടുംബ വാർഷിക വരുമാനം എല്ലാ മാർഗ്ഗങ്ങളിൽ നിന്നും നാല് ലക്ഷം (4,00,000/-) രൂപ കവിയാൻ പാടുള്ളതല്ല.
- അപേക്ഷകൾ ഓൺലൈനായിട്ടാണ് അയയ്ക്കേണ്ടത്. ഓൺലൈനായി അപേക്ഷ സമർപ്പിക്കുമ്പോൾ അതത് സ്കീമുകൾക്കായി ആവശ്യപ്പെട്ടിട്ടുള്ള രേഖകൾ സ്കാൻ ചെയ്ത് അപേക്ഷയോടൊപ്പം അയയ്ക്കേണ്ടതാണ്.
- ആൾ ഇൻഡ്യാ തലത്തിൽ നടന്ന പ്രവേശന പരീക്ഷ (NEET) വഴി ഇതര സംസ്ഥാനങ്ങളിൽ മെഡിക്കൽ പ്രവേശനം നേടിയ കേരളത്തിലെ വിദ്യാർത്ഥികൾക്കും അപേക്ഷിക്കാവുന്നതാണ്.
- കേരളത്തിന് പുറത്തുള്ള വിദ്യാഭ്യസ സ്ഥാപനങ്ങളിൽ പഠിക്കുന്നവരിൽ അഖിലേന്ത്യാ തലത്തിലുള്ള മത്സര പരീക്ഷകൾ വഴി മാത്രം അഡ്മിഷൻ ലഭിക്കുന്നവർക്ക് അപേക്ഷിക്കാവുന്നതാണ്. (അതാത് സ്ഥാപനങ്ങൾ നടത്തുന്ന പ്രവേശന പരീക്ഷയുടെ അടിസ്ഥാനത്തിൽ കേരളത്തിന് പുറത്ത് പഠിക്കുന്നവർ സ്കോളർഷിപ്പിന് അർഹരല്ല). അഖിലേന്ത്യാതലത്തിലുള്ള മത്സര പരീക്ഷ വഴിയാണ് പ്രവേശനം ലഭിച്ചത് എന്ന് തെളിയിക്കുന്ന രേഖ Upload ചെയ്യേണ്ടതാണ്.

- സ്കോളർഷിപ്പ് ലഭിക്കുന്നതിന് അപേക്ഷകരായ വിദ്യാർത്ഥികൾക്ക് നാഷണലൈസ്ഡ്/ ഷെഡ്യൂൾഡ് ബാങ്കുകളുടെ ഏതെങ്കിലും ഒരു ശാഖയിൽ പ്രവർത്തനക്ഷമമായ/ സാധുവായ അക്കൗണ്ട് ഉണ്ടായിരിക്കേണ്ടതാണ്.
- <u>കുറഞ്ഞ വരുമാന പരിധിയിൽപ്പെടുന്നവർക്ക് മുൻഗണന</u> നൽകികൊണ്ടും, ഫണ്ടിന്റെ ലഭ്യതയ്ക്കനുസൃതമായിട്ടുമാണ് ഗുണഭോക്താക്കളുടെ അന്തിമപട്ടിക തയ്യാറാക്കുന്നത്.
- അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുള്ളതും, അപേക്ഷകരായ വിദ്യാർത്ഥികളുടെ പേരിൽ ഉള്ളതുമായ ബാങ്ക് അക്കൗണ്ടിലേക്ക് മാത്രമേ ധനസഹായം ലഭ്യമാക്കുകയുള്ളൂ. **<u>ബാങ്ക് അക്കൗണ്ട് നമ്പർ രേഖപ്പെടുത്തുന്നതിലെ പിഴവുകൾ / തന്നിട്ടുള്ള ബാങ്ക് അക്കൗണ്ടുകൾ പ്രവർത്തനക്ഷമമല്ലാതിരിക്കുക/ സാധുത ഇല്ലാതിരിക്കുക എന്നിവ മൂലം ഉണ്ടാകുന്ന miscredit ന് അപേക്ഷകർ മാത്രം ഉത്തരവാദിയായിരിക്കും.</u>**
- **ഇന്റഗ്രേറ്റഡ് കോഴ്സുകൾ (5 വർഷം) പഠിക്കുന്ന വിദ്യാർത്ഥികൾ ആദ്യ 3 വർഷത്തെ സ്കോളർഷിപ്പിനായി ഗ്രാജ്വേഷൻ വിഭാഗത്തിലേക്കാണ് അപേക്ഷ സമർപ്പിക്കേണ്ടത്.**
- ഓൺലൈൻ അപേക്ഷയിലെ നേരിയ പിഴവുകൾ പോലും അപേക്ഷ നിരസിക്കുന്നതിന് കാരണമാകുമെന്നതിനാൽ അപേക്ഷ സമർപ്പിക്കുന്ന നടപടിക്രമങ്ങൾ അതീവ ജാഗ്രതയോടെ പൂർത്തിയാക്കേണ്ടതാണ്. വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുള്ള മാതൃകയിൽ സമർപ്പിക്കുന്ന സർട്ടിഫിക്കറ്റുകൾ മാത്രമേ സ്വീകരിക്കുകയുള്ളൂ.
- പരിശോധനയിൽ തെറ്റായ വിവരം രേഖപ്പെടുത്തിയിട്ടുള്ളതും, അവ്യക്തമായ രേഖകൾ Upload ചെയ്തിട്ടുള്ളതും, അപൂർണ്ണമായതുമായ അപേക്ഷകൾ നിരസിക്കുന്നതായിരിക്കും. പിന്നീടുള്ള പരാതികൾ സ്വീകരിക്കുന്നതല്ല.
- **ഇ-ഗ്രാന്റ് ഒഴികെ കേന്ദ്ര/സംസ്ഥാന സർക്കാരുകളുടെ മറ്റിതര സ്കോളർഷിപ്പുകൾ/ സ്റ്റൈപ്പന്റുകൾ ലഭിക്കുന്ന വിദ്യാർത്ഥികൾ ഈ സ്കോളർഷിപ്പിന് അപേക്ഷിക്കുവാൻ അർഹരല്ല**. ഇത് സംബന്ധിച്ച് തെറ്റായ വിവരം അപേക്ഷയിൽ രേഖപ്പെടുത്തിയതായി തെളിയുന്ന പക്ഷം സ്കോളർഷിപ്പിനത്തിൽ ലഭ്യമായ തുക 12% കൂട്ടുപലിശയും ചേർത്ത് തിരിച്ചടക്കേണ്ടതാണ്. പ്രസ്തുത വിദ്യാർത്ഥി തുടർന്ന് സ്കോളർഷിപ്പിന് അപേക്ഷിക്കാൻ അർഹനല്ലാതാകുന്നു.
- ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിന് മുമ്പായി മാർഗ്ഗനിർദ്ദേശപ്രകാരമുള്ള എല്ലാ വിവരങ്ങളും (രേഖകൾ സഹിതം) ലഭ്യമാക്കിയിട്ടുണ്ടെന്ന് ഉറപ്പു വരുത്തുക.
- ഓൺലൈൻ അപേക്ഷ സമർപ്പിച്ചവർ അപേക്ഷയുടെയും, രേഖകളുടെയും പകർപ്പുകൾ കേരള സംസ്ഥാന മുന്നാക്ക സമുദായ ക്ഷേമ കോർപ്പറേഷന് തപാലിൽ **അയച്ചുതരേണ്ടതില്ല.**
- സ്കോളർഷിപ്പ് നൽകുന്നത് സംബന്ധിച്ച കോർപ്പറേഷന്റെ തീരുമാനം അന്തിമമാണ്. ഇതുസംബന്ധിച്ച അപ്പീലുകൾ സ്വീകരിക്കുന്നതല്ല.
- **ഓൺലൈൻ അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി <u>06/02/2024.</u>**

# വിദ്യാസമുന്നതി സ്കോളർഷിപ്പ് – വിശദാംശങ്ങൾ

<table>
<tr><th colspan="2">വിദ്യാസമുന്നതി- സ്കോളർഷിപ്പ് (2023-24)</th><th>പ്രതി വർഷ സ്കോളർ ഷിപ്പ് തുക (2023-24)</th><th>സ്കോളർഷിപ്പുകളുടെ എണ്ണം (ഫണ്ടിന് ആനുപാതികമായി)</th><th>അംഗീകരിക്കപ്പെട്ട വിദ്യാഭ്യാസ സ്ഥാപനങ്ങൾ</th><th>അടിസ്ഥാന യോഗ്യത</th><th>അപേക്ഷയോടൊപ്പം നിർബന്ധമായും അപ്‌ലോഡ് ചെയ്യേണ്ട രേഖകൾ</th></tr>
<tr><td rowspan="2">ബിരുദം</td><td>പ്രൊഫഷണൽ</td><td>8,000/-</td><td>3200</td><td rowspan="2">കേരളത്തിലെ യൂണിവേഴ്സിറ്റികൾ അംഗീകരിച്ച കേരളത്തിലെ സർക്കാർ/ എയിഡഡ്/ സ്വാശ്രയ വിദ്യാഭ്യാസ റിസർച്ച് ആന്റ് സയന്റിഫിക്ക് സ്ഥാപനങ്ങൾ, കേന്ദ്ര സർവ്വകലാശാലകൾ, കേരളത്തിന് പുറത്തുള്ള വിദ്യാഭ്യസ സ്ഥാപനങ്ങളിൽ അഖിലേന്ത്യാ തലത്തിലുള്ള മത്സര പരീക്ഷകൾ വഴി മാത്രം അഡ്മിഷൻ ലഭിക്കുന്ന കോഴ്സുകൾ.</td><td rowspan="2">• അപേക്ഷ ക്ഷണിക്കുന്ന അവസരത്തിൽ അപേക്ഷകന് 35 വയസ്സ് തികയുവാൻ പാടില്ല.<br>• +2 / ഹയർ സെക്കണ്ടറി / തത്തുല്ല്യ തലത്തിൽ 70 % മാർക്ക്/ തത്തുല്ല്യ ഗ്രേഡ്.</td><td>• കോളേജ് പ്രിൻസിപ്പലിൽ നിന്നുള്ള നിശ്ചിത മാതൃകയിലുള്ള സാക്ഷ്യപത്രം (മാതൃക വെബ്സൈറ്റിൽ ലഭ്യമാണ്)<br>• വരുമാന സർട്ടിഫിക്കറ്റ് (വില്ലേജ്ഓഫീസർ നൽകുന്നത്).</td></tr>
<tr><td>നോൺ പ്രൊഫഷണൽ</td><td>6,000/-</td><td>9000</td><td>• ജാതി തെളിയിക്കുന്ന രേഖ – വില്ലേജ് ഓഫീസർ നൽകുന്ന ജാതി രേഖപ്പെടുത്തിയ സർട്ടിഫിക്കറ്റ് /SSLC സർട്ടിഫിക്കറ്റിലെ ജാതി രേഖ പ്പെടുത്തിയ പേജ് (മറ്റ് രേഖകൾ സ്വീകാര്യമല്ല)<br>• മാർക്ക് ലിസ്റ്റ് (+2/തത്തുല്യം)<br>• ബാങ്ക് പാസ്സ് ബുക്കിന്റെ ആദ്യപേജ് (അക്കൗണ്ട് നമ്പർ, IFSC,ബ്രാഞ്ച് എന്നിവ വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം)<br>• SSLC സർട്ടിഫിക്കറ്റിന്റെ ആദ്യ പേജ്</td></tr>
</table>